**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 885** **07-12-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ അനുമതി ലഭ്യമായ അംബേദ്കർ സ്വയംപര്യാപ്തഗ്രാമ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഓരോന്നിന്റെയും നിലവിലെ സ്ഥിതി പ്രത്യേകം പ്രത്യേകം വിശദമാക്കുമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | പ്രസ്തുത പദ്ധതികളിൽ ആരംഭിയ്ക്കാനാകാത്തവ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കാമോ? | (സി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | കോളനി | നിലവിലെ സ്ഥിതി |
|---|---|---|
| 2016–17 | നിലമേൽ കോളനി | പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ലും ആയതു അംഗീകരിക്കുന്നതിനുള്ള മോണിറ്ററിംഗ് കമ്മിറ്റി മിനിറ്റ്സും സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കാത്തതിനാൽ ആയത് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | തേരിക്കവിള കോളനി | പ്രവർത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്. സാംസ്കാരിക നിലയത്തിന്റെ ഇരിപ്പിടം, ശ്മശാനത്തിന്റെ അറ്റകുറ്റപണികൾ എന്നിവയും പൂർത്തീകരിക്കാനുള്ളതായി കാണുന്നു. മോണിറ്ററിംഗ് കമ്മിറ്റി (പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷമുള്ള) കൂടിയിട്ടില്ല. |
| 2019–20 | കണ്ടല കോളനി | എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുകയും ഏജൻസി പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. |
| 2021–22 | കാവലോട്ട് കോണം കോളനി | പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചുള്ള മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും, നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് എടുക്കുന്ന നടപടി നടത്തിവരുന്നു. |
| 2021–22 | വെള്ളമാന്നൂർകോണം കോളനി | പദ്ധതിയുമായി ബന്ധപ്പെട്ട കോളനി നിവാസികളുടെ യോഗം കൂടിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി കൂടിയിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി കൂടുന്നതിന് മുൻപായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികളിൽ ഉൾപ്പെട്ട വീട് മെയിന്റനൻസിനായി തെരഞ്ഞെടുക്കേണ്ട ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |